(ബി) തങ്കശ്ശേരി ഇറമുഖത്തിന്റെ സമഗ്ര വികസനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അർഹമായ തുക ലഭ്യമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) തങ്കശ്ശേരി മത്സ്യബന്ധന ഇറമുഖത്തിന്റെ മൂന്നാംഘട്ട വികസനത്തിനായി 500 ലക്ഷം രൂപ 2015-16 ആന്വൽ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) തങ്കശ്ശേരി മത്സ്യബന്ധന ഇറമുഖത്തിന്റെ മൂന്നാംഘട്ട വികസനത്തിനായി 4900 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നു. തുടർന്ന് 19-9-2014-ൽ കേന്ദ്ര സർക്കാരിൽനിന്നും ടി പദ്ധതിക്ക് ഭൂമിയുടെ ലഭ്യത, പാരിസ്ഥിതിക അനുമതി എന്നിവയുടെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, ടി പദ്ധതിക്ക് 40% കേന്ദ്രസഹായം മാത്രമേ ലഭ്യമാകുവെന്നും, ശേഷിക്കുന്ന 60% തുക സംസ്ഥാന വിഹിതമായി അനുവദിക്കുന്നതിനുള്ള സന്നദ്ധത സംസ്ഥാന സർക്കാരിനോട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

വല്ലാർപാടം കണ്ടെയ്നർ ടെർമിൽ

139 (2008) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി ദേശീയപാത, റെയിൽവേ കണക്ടിവിറ്റി എന്നീ സൗകര്യങ്ങൾ ഒരുക്കിയെടുക്കുന്നതിന് നീക്കം ചെയ്ത ഊന്നിവല, ചീനവല എന്നിവയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) നഷ്ടപരിഹാരത്തിന് അർഹരായവർ എത്ര പേരെന്നും നഷ്ടപരിഹാരത്തുക എത്രയെന്നും വിശദമാക്കുമോ ;

(സി) നഷ്ടപരിഹാരം എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് പറയുമോ ;

(ഡി) നഷ്ടപരിഹാരം നൽകുന്നതിന് തടസ്സമുണ്ടെങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ-ഡി) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടിയുള്ള റെയിൽ, റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ/തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2,05,39,735 രൂപയുടെ നഷ്ട

LIBRARY ARCHIVES Kerala Legislative Assembly

പരിഹാര പാക്കേജാണ് അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ് രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ 96,19,110 രൂപയിൽ റെയിൽ കണക്ടിവിറ്റി മുഖാന്തരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം മേഖലാ ഫിഷറീസ് ഡയറക്ടറുടെ Special TSB A/c-ൽ നിക്ഷേപിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കാനുള്ള തുകയായ 68,76,610 രൂപ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റിക്കെതിരെ ഒരു സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനായി നടപടി സ്വീകരിച്ച് വരികയാണ്. ഇത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ, എറണാകുളത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 689 പേരാണ് നഷ്ടപരിഹാരത്തിന് അർഹരായവർ. 2,05,39,735 രൂപയാണ് ആകെ നഷ്ടപരിഹാരത്തുക.

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പാരിസ്ഥിതിക അനുമതി

140 (2009) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാരിസ്ഥിതിക അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു ; വ്യക്തമാക്കാമോ ;

(സി) ഈ വ്യവസ്ഥകൾ എല്ലാം തന്നെ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇതുവരെ പാലിക്കപ്പെടാത്ത വ്യവസ്ഥകൾ ഏതൊക്കെയെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്തെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ അനുബന്ധത്തിൽ കാണാവുന്നതാണ്.

(സി) വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly